# മോഹിച്ചിരുന്നു

**നിതിഷ്**

ഒരിക്കലെന്റെ കവിത
വീടുവിട്ടു പോകുമെന്നും
മീൻ പൊതിഞ്ഞു
കൊണ്ടുവരുന്ന
കടലാസിൽ നിന്നും
നീയതു കണ്ടെത്തുമെന്നും
ഞാൻ
കൊതിച്ചിരുന്നു
ഒരു
പോലീസുകാരൻ
ആജീവനാന്ത
തടവിനുള്ള
വിധിയുമായി
നിന്നെതേടിയെത്തുംവരെ...



# തിരയും തീരവും

**കെ.കെ ജലീൽ കല്ലൂങ്കൽ**

**ഇന്നലെ**

തിരകൾ തുള്ളിച്ചാടിയെത്തി
തീരത്തിന്റെ അധരങ്ങളിൽ
തുരുതുരെ ചുംബിക്കുമ്പോൾ
ഉപ്പുരസം തീരത്തിന്
മധുരം പകർന്നിരുന്നു.

**ഇന്ന്**

തിരകൾ അർദ്ധപ്രാണരായി
തീരത്തിന്റെ വിരിമാറിൽ
തലതല്ലി കരയുമ്പോൾ
തീരം ഓടി ഒളിക്കുന്നു,
ദുർഗന്ധം സഹിക്കാതെ.
അങ്ങനെ കടൽ തീരങ്ങൾ
വേരറ്റുപോകുന്നു.

**പുസ്തകപ്പുര**

പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ രണ്ട്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## മലയാളത്തിലെ ഇശൽവഴി




മാപ്പിളപ്പാട്ടിന്റെ സവിശേഷതകൾ തിരിച്ചറിയാനും അതിന് കൈരളിയുമായുള്ള ബന്ധം മനസ്സിലാക്കാനും ഉതകുന്ന പ്രബന്ധങ്ങളുടെ സമാഹാരമാണ് 'മലയാളത്തിലെ ഇശൽവഴി'. സി. അച്യുതമേനോൻ, ശൂരനാട്ടു കുഞ്ഞൻ പിള്ള, എ.പി.പി നമ്പൂതിരി, എഫ്. ഫോസറ്റ്, ടി. ഉബൈദ്, ഒ. ആബു, പുന്നയൂർക്കുളം വി. ബാപ്പു തുടങ്ങിയവരുടെ ഗഹനവും അപൂർവവുമായ പഠനങ്ങളാണ് പുസ്തകത്തിൽ. എഡിറ്റർ കെ. അബൂബക്കർ. പ്രസാധനം ഐ.പി.എച്ച്. വില 100 രൂപ.

## ദാമ്പത്യം ഊടുറ്റതാക്കാൻ

പരസ്പരം വിട്ടുവീഴ്ചയിലും വിശ്വാസത്തിലും സ്നേഹത്തിലും അംഗീകാരത്തിലും സഹകരണത്തിലും അധിഷ്ഠിതമാകുമ്പോഴാണ് കുടുംബം കൂടുതൽ ഇമ്പമുള്ളതായി മാറുന്നത്. ദാമ്പത്യ ബന്ധത്തേക്കാൾ മനോഹരമായ

# പറയാൻ ബാക്കി വെച്ചത്...

സൈനബ് ഉമ്മു സാബിത്ത്
ചാവക്കാട്

നിറഭേദങ്ങളുടെ
മണൽതരികളിൽനിന്ന്
പലതും പഠിച്ചുകൊണ്ടിരുന്നു.
മലവെള്ളത്തോടു പൊരുതി
അഴുക്കു കളഞ്ഞ മണ്ണിന്റെ
നിർമലത,
വിപ്ലവം സൃഷ്ടിച്ച്
വീര്യം ചോർന്നുപോയ
ചുവന്ന മണ്ണിന്റെ
മുറിഞ്ഞ സ്വപ്നങ്ങൾ,
നിറം മങ്ങിയ
കറുത്ത മണ്ണിന്റെ
ഉൾതുടിപ്പുകൾ,
ക്രുദ്ധമായി പറന്നു പൊങ്ങി
ചാറ്റൽ മഴക്ക് കീഴടങ്ങിയ
പൊടി മണ്ണിന്റെ
വിഘടിച്ച താവഴികൾ
പറയാനൊട്ടേറെ
ബാക്കിവെച്ച്
ഉറച്ച മൗനത്തിൽ
തപസ്സു ചെയ്യുകയാണ്
ഇനിയും ചില പാറക്കെട്ടുകൾ.
നെഞ്ചു പിളർത്തി
ഹൃദയ ഭാരം പുറംതള്ളാൻ
നിശ്ചയിച്ച ദിനവും കാത്ത്



# കടങ്കഥ

നിതു.പി
ഗവ. ലോ കോളേജ് കോഴിക്കോട്

നീ നടന്ന വഴിയിൽ
കൊഴിഞ്ഞത് ഞാവൽ
മരത്തിന്റെ ഇലകളും
അരളിപ്പൂവുമാണെങ്കിൽ
ഞാൻ നടന്ന വഴിയിൽ
കൊഴിഞ്ഞത്
വേരറ്റ ഒരു ജീവിതത്തിന്റെ
കടങ്കഥയായിരുന്നു.

---

മറ്റൊരു ബന്ധവും ലോകത്തില്ല. എന്നാൽ, സ്ത്രീയും പുരുഷനും ഒരുമിച്ച് ഒരായുഷ്കാലം സംതൃപ്തിയോടെ ജീവിതം കഴിച്ചുകൂട്ടുക വലിയ ശ്രദ്ധയും ജാഗ്രതയും ആവശ്യമുള്ള കാര്യമാണ്. അതിന് വിദ്യാഭ്യാസവും കുടുംബമഹിമയും മാത്രം പോരാ. കുടുംബജീവിതം കൂടുതൽ ഇമ്പമുള്ളതാക്കാനുതകുന്ന നിർദേശങ്ങളടങ്ങിയ പുസ്തകമാണ് ഡോ. ഉമർ ഫാറൂഖ് എസ്.എൽ.പിയുടെ 'ദാമ്പത്യം ഈടുറ്റതാക്കാൻ'. പ്രസാധനം പ്രതീക്ഷാ ബുക്സ്. വില 90 രൂപ.




## വാരിയംകുന്നിന്റെ പ്രഭ

ഭാവി തലമുറ മലബാർ സമരത്തെ എങ്ങനെ മനസ്സിലാക്കണമെന്ന് ബ്രിട്ടീഷ് സാമ്രാജ്യം കരുതിയോ അതുപോലെ തന്നെ ചരിത്രകാരന്മാർ രേഖപ്പെടുത്തിവെച്ചിരിക്കുകയാണ്. അതിൽ പ്രധാനമാണ് വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെ പ്രാകൃതനും വർഗീയവാദിയുമാക്കിയുള്ള തെറ്റായ വെളിപ്പെടുത്തലുകൾ. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പോരാട്ടങ്ങളുടെ സത്യസന്ധമായ പറച്ചിലുകളാണ് സി.പി ജാഫർ ഈരാറ്റുപേട്ടയുടെ 'വാരിയംകുന്നിന്റെ പ്രഭ - ചക്കിപ്പറമ്പൻ' എന്ന പുസ്തകത്തിൽ. ചക്കിപ്പറമ്പൻ കുടുംബത്തിലെ മൺമറഞ്ഞ ധീരദേശാഭിമാനികളുടെ ചരിത്രം അന്വേഷിക്കൽ കൂടിയാണ് ഈ പുസ്തകം. പ്രസാധനം: ചക്കിപ്പറമ്പൻ ഫാമിലി അസോസിയേഷൻ.

